**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2564** **02-08-2021 - ൽ മറുപടിയ്ക്ക്**

**കാസർകോട് ഗവ.ഹയർ സെക്കണ്ടറി സ്കൂൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കാസർകോട് ഗവ.ഹയർ സെക്കണ്ടറി സ്കൂൾ സ്ഥാപിതമായത് ഏത് വർഷമാണെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ഗവ.ഹയർ സെക്കണ്ടറി സ്കൂൾ സ്ഥാപിതമായത് 1920 ൽ ആണ്. ടി സ്കൂളിൽ ഹയർ സെക്കന്ററി ആരംഭിച്ചത് 2004-ൽ ആണ്. |
| (ബി) | ഈ സ്ഥാപനം തുടങ്ങിയത് എത്ര ക്ലാസ്സുകളോടുകൂടിയാണെന്നും തുടക്കത്തിൽ എത്ര കുട്ടികളും സ്റ്റാഫും ഉണ്ടായിരുന്നു എന്നും അറിയിക്കാമോ; | (ബി) | രണ്ടു ബാച്ചുകളോടുകൂടി ആണ് ഹയർ സെക്കണ്ടറി ആരംഭിച്ചത്. തുടക്കത്തിൽ 85 വിദ്യാർത്ഥികളാണ് ഉണ്ടായിരുന്നത്. സ്ഥിര അദ്ധ്യാപകർ ഉണ്ടായിരുന്നില്ല. |
| (സി) | ഇപ്പോൾ ഉള്ള ക്ലാസ്സുകളുടെയും സ്റ്റാഫിന്റെയും കുട്ടികളുടെയും എണ്ണം വ്യക്തമാക്കാമോ; | (സി) | ഇപ്പോൾ 5 മുതൽ 12-ാം ക്ലാസ്സ് വരെ 57 സ്റ്റാഫും, 858 കുട്ടികളുമാണുള്ളത് |
| (ഡി) | സ്കൂൾ ആരംഭിക്കുന്ന കാലത്ത് എത്ര സ്ഥലമാണ് ഉണ്ടായിരുന്നതെന്നും അതെങ്ങനെ ലഭിച്ചതാണെന്നും ഇപ്പോൾ എത്ര സ്ഥലമാണുള്ളതെന്നും വ്യക്തമാക്കാമോ; ആരംഭകാലത്തുള്ളതിനേക്കാൾ കൂടുതൽ സ്ഥലം ഉണ്ടെങ്കിൽ അതെങ്ങനെ ലഭിച്ചതാണെന്ന് വ്യക്തമാക്കാമോ; | (ഡി) | സ്കൂൾ ആരംഭിക്കുന്ന കാലത്ത് എത്ര സ്ഥലം ഉണ്ടായിരുന്നു എന്നതിനെക്കുറിച്ചുള്ള രേഖകൾ ലഭ്യമല്ല. ഇപ്പോൾ 4 ഏക്കർ 34.93 സെന്റ് സ്ഥലം ഉണ്ട്. ആരംഭകാലത്ത് ഉള്ളതിലേക്കാൾ കൂടുതൽ സ്ഥലം ഉണ്ടോയെന്നത് വ്യക്തമല്ല. |
| (ഇ) | സ്കൂളിന്റെ സ്ഥലവും കെട്ടിടങ്ങളും ആരുടെ ഉടമസ്ഥതയിലാണെന്ന് വ്യക്തമാക്കാമോ; | (ഇ) | സ്കൂളിന്റെ സ്ഥലവും കെട്ടിടങ്ങളും സർക്കാരിന്റെ ഉടമസ്ഥതയിലാണുള്ളത് |
| (എഫ്) | ജീർണ്ണാവസ്ഥയിൽ എത്ര കെട്ടിടങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ; ജീർണ്ണാവസ്ഥയുടെ വിശദാംശം നൽകാമോ; | (എഫ്) | ജീർണ്ണാവസ്ഥയിൽ 2 കെട്ടിടങ്ങളാ ണുള്ളത്. ഇതിൽ രണ്ട് കെട്ടിടങ്ങളും ഇപ്പോൾ ഉപയോഗിക്കുന്നില്ല |
| (ജി) | സ്കൂൾ കോമ്പൗണ്ടിനകത്ത് പ്രവർത്തിക്കുന്ന സ്കൂൾ ബുക്ക് ഡിപ്പോ സ്ഥിതിചെയ്യുന്ന സ്ഥലവും കെട്ടിടവും ആരുടെ ഉടമസ്ഥതയിലാണെന്നും പ്രസ്തുത കെട്ടിടം ഏതവസ്ഥയിലാണെന്നും വ്യക്തമാക്കാമോ;പ്രസ്തുത കെട്ടിടത്തിന്റെയും കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെയും ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ? | (ജി) | സ്കൂൾ കോമ്പൗണ്ടിനകത്ത് പ്രവർത്തിക്കുന്ന സ്കൂൾ ബുക്ക് ഡിപ്പോയുടെ കെട്ടിടം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലും കെട്ടിടം സ്ഥിതി ചെയ്യുന്നത് സ്കൂൾ കോമ്പൗണ്ടിനകത്തുള്ള പുറമ്പോക്ക് സ്ഥലത്തുമാണ്. ഡിപ്പോ കെട്ടിടം സർക്കാർ ഫണ്ടുപയോഗിച്ച് നന്നാക്കുന്നതിനായി പി.ഡബ്ല്യൂ.ഡി അധികൃതർ ഓട് ഇളക്കി മാറ്റിയതിനാൽ മഴവെള്ളം അകത്ത് വീണ ശോചനീയാവസ്ഥയിലാണ്. പാഠപുസ്തക ഡിപ്പോ |

| | | | |
|---|---|---|---|
| | | | സ്ഥിതി ചെയ്യുന്നത് കാസർഗോഡ് വില്ലേജിലെ 85/1 എ എന്ന പുറമ്പോക്ക് സ്ഥലത്താണ്. വില്ലേജ് ഓഫീസർ നൽകിയ സ്കെച്ച് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

Village } Kasaragod
Taluk }

Field No: 85/1Apb
(EYE sketch)

Village No. 63
Kasaragod




INDEX

RS NO: 85-1A 0.2832 } Poramboke land
85-1B 0.6232

18/08/24

VILLAGE OFFICER
KASARAGOD GROUP